പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2923 17.10.2016 ൽ മറുപടിയ്ക്ക്

**വികലാംഗക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾ**

ചോദ്യം മറുപടി

ശ്രീ.ടി.എ.അഹമ്മദ് കബീർ ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) വികലാംഗർക്കായുള്ള മുച്ചക്രവാഹനവിതരണം നിലവിലുണ്ടോ; എങ്കിൽ ഇതിനായി ഏത് രീതിയിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്; | (ബി) വികലാംഗക്ഷേമ കോർപ്പറേഷൻ വഴി അംഗപരിമിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സൌജന്യമായി മുച്ചക്രവാഹനം വിതരണം നടത്തി വരുന്നു. കോർപ്പറേഷന്റെ മുച്ചക്രവാഹനത്തിനുള്ള അപേക്ഷാഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മാനദണ്ഡങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു |
| (സി) നിലവിൽ അപേക്ഷ നൽകിയ മുഴുവൻ ഗുണഭോക്താക്കൾക്കും മുച്ചക്രവാഹനം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഈ വിഷയം ഏത് തരത്തിൽ പരിഹരിക്കുമെന്നും വിശദമാക്കുമോ? | (സി) നിലവിൽ അപേക്ഷ നൽകിയ മുഴുവൻ ഗുണഭോക്താക്കൾക്കും മുച്ചക്രവാഹനം വിതരണം നടത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് വിതരണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ